


# കരപ്പുറം മിഷൻ യുപി സ്കൂൾ

## കളവംകോടം ചേർത്തല

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026



## ആമുഖം

ദേശീയ വിദ്യാഭ്യാസ നയം അനുസരിച്ച് പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ അതിവിപുലമായ പ്രവർത്തനങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്നു. അക്കാദമികവും ഭൗതികവുമായ മികവുപുലർത്തുന്ന വിദ്യാലയം കുട്ടിയെ അഗ്രഗണ്യൻ ആക്കുമെന്നതിൽ സംശയമില്ല. ഓരോ വിദ്യാലയവും സമൂഹത്തിന്റെ പ്രതീക്ഷയ്ക്ക് അനുസരിച്ച് ഉയരേണ്ടത് അനിവാര്യമാണ്. കുട്ടികളുടെ പഠനനിലവാരം അഭിലഷണീയ തലത്തിൽ എത്തിച്ച് സമൂഹത്തിന്റെ വിശ്വാസ്യത ആർജിക്കേണ്ടതുണ്ട്. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ച് മുൻപന്തിയിൽ വിദ്യാലയത്തെ എത്തിക്കേണ്ടതുണ്ട്.

## പൊതുവായ ലക്ഷ്യങ്ങൾ

*ഭാഷാപരമായ പിന്നോക്കാവസ്ഥപരിഹരിക്കുക .

*എഴുത്തിന്റെ അനന്തസാധ്യതകൾ മെച്ചപ്പെടുത്തി കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക

*കലാകായികപരമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക .

*കുട്ടിയിൽ അന്തർലീനമായിരിക്കുന്ന സർഗാത്മക കഴിവുകളെ പരിപോഷിപ്പിക്കുക .

*പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി ഭൗതിക സാഹചര്യങ്ങൾ അനുയോജ്യമാക്കി കൊടുക്കുക .

*ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി കൊണ്ടുള്ള പഠനം ഉറപ്പാക്കുക .

*കാർഷിക സംസ്കാരം കുട്ടിയിൽ ഊട്ടി വളർത്തുന്നതിനുള്ള മനോഭാവം സൃഷ്ടിക്കുക .

*താൻ ഉൾപ്പെടുന്ന സമൂഹത്തിന്റെ നന്മയ്ക്ക് വേണ്ടി പ്രവർത്തിക്കുന്നതിനും അനീതിക്കെതിരെ പോരാടുന്നതിനും പ്രതികരിക്കുന്നതിനുമുള്ള ശേഷി വികസിപ്പിക്കുക .

*വിവിധ ഭാഷകളിൽ ഉള്ള (ഹിന്ദി സംസ്കൃതം ഇംഗ്ലീഷ് )ആശയവിനിമയ ശേഷി നേടുന്നതിന് കുട്ടിയെ സഹായിക്കുക.

മേൽ സൂചിപ്പിച്ച പ്രകാരമുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വിദ്യാലയത്തിന്റെ മികവ് പൊതുസമൂഹത്തിന് ഉതകും വിധം പ്രാവർത്തികമാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്

## സ്കൂൾ ചരിത്രം

കോട്ടയം ജില്ലയിലെ മാങ്ങാനം ക്രൈസ്തവ ആശ്രമത്തിലെ സ്വാതികരായ വിശ്വാസവീരന്മാരുടെ ദൗത്യ സാക്ഷ്യത്തിന്റെ ഫലമായാണ് തിരുവിതാംകൂർ കൊച്ചി ആംഗ്ലിക്കൻ മഹായിടവകയുടെ ആഭിമുഖ്യത്തിൽ ചേർത്തല കളവംകോടം പ്രദേശത്ത് ക്രിസ്ത്യൻ മിഷനറിമാർ ദൗത്യ പ്രവർത്തനം ആരംഭിച്ചത്. ശ്രീനാരായണഗുരുദേവന്റെ "ഇനി ക്ഷേത്രങ്ങൾ അല്ല വിദ്യാലയങ്ങളാണ് വേണ്ടത്" എന്ന പ്രഖ്യാപനവും വിദ്യകൊണ്ട് പ്രബുദ്ധരാകുക എന്ന ആഹ്വാനവും നീതി നിഷേധിക്കപ്പെട്ട പിന്നോക്ക വിഭാഗക്കാർക്ക് പുത്തൻ ഉണർവേകി. മിഷനറി പ്രവർത്തകയായ ബേക്കർ മദാമ്മയുടെ നേതൃത്വത്തിൽ കളവംകോടത്ത് പള്ളിക്കൂടം കെട്ടുന്നതിന് സ്ഥലം അന്വേഷിച്ച് പരാജയപ്പെട്ടപ്പോൾ ആഞ്ഞിലിക്കാട്ട് വെളിയിൽ കുഞ്ഞുപണിക്കൻ ആശാനും സഹോദരി കാവു അമ്മയും തങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥലം സ്കൂളിനായി വിട്ടു നൽകുകയും 1921 ൽ ഈ ഭൂമിയിൽ ഒരു കുടിപ്പള്ളിക്കൂടമായി സ്കൂൾ ആരംഭിക്കുകയും ചെയ്തു. ആദ്യ അധ്യാപകൻ കുഞ്ഞുപണിക്കനാശാൻ തന്നെയായിരുന്നു. 1937 ൽ ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള സ്കൂൾ ആരംഭിച്ചു 1952 ൽ കരപ്പുറം മിഷൻ യുപി സ്കൂൾ ആയി ഉയർത്തപ്പെട്ടു.

## സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

വിദ്യാലയം മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ ഒത്തൊരുമിച്ച് പ്രവർത്തിക്കണം. കുട്ടികളുടെ സമഗ്ര വികസനം പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഇതിനായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. സമൂഹ പങ്കാളിത്തത്തോടുകൂടി സ്കൂളിലെ വിവിധ സംഘടനകളെ ( പിറ്റി എ , എം പി റ്റി എ ,പൂർവവിദ്യാർഥി സംഘടന) കോർത്തിണക്കി അക്കാദമികവും ഭൗതികവുമായ വികസന പരിപാടികൾ നടപ്പിലാക്കിയാൽ വിദ്യാലയം മികവിന്റെ കേന്ദ്രമാകും എന്നതിൽ തർക്കമില്ല. ജില്ലാ സംസ്ഥാന തലങ്ങളിൽ മാത്രമല്ല അന്താരാഷ്ട്ര തലത്തിൽ വരെ വിദ്യാലയത്തെ എത്തിക്കാൻ കഴിയും എന്നതിൽ സംശയമില്ല. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി വിജ്ഞാനപ്രദവും രസകരവുമായ പഠനം നടത്തുന്നത് സ്കൂളിനെ മുൻപന്തിയിൽ എത്തിക്കും. താൻ ഉൾപ്പെടുന്ന പരിസ്ഥിതിയെ സംരക്ഷിക്കുവാനും കാർഷിക സംസ്കാരം വളർത്തിയെടുക്കാനുമുള്ള പ്രവർത്തനങ്ങൾ വിദ്യാലയ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തണം.

## നിലവിലെ അവസ്ഥ വിശകലനം

കുട്ടികളുടെ രക്ഷകർത്താക്കളിൽ ഭൂരിഭാഗവും കയർ മേഖലയിൽ തൊഴിലെടുക്കുന്നവരാണ് .സ്ത്രീകൾ കൂടുതലും ചകിരി പിരിത്തത്തിൽ ഏർപ്പെട്ടിരിക്കുന്നു.സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത് .പരിമിതമായ സാഹചര്യത്തിലും വളരെ ദൂരെ നിന്നു പോലും കുട്ടികൾ വിദ്യ അഭ്യസിക്കുന്നതിനായി സ്കൂളിൽ എത്തിച്ചേരുന്നുണ്ട്. ഒരു സ്കൂളിന്റെ അടിസ്ഥാനപരമായ വികസനത്തിന് സാമ്പത്തിക അടിത്തറ അനിവാര്യമാണ് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണമെങ്കിൽ സാമ്പത്തികം മുഖ്യഘടകമാണ്.

## എസ് ആർ ജി

എല്ലാ ബുധനാഴ്ചകളിലും ഉച്ചയ്ക്ക് ഒരു മണിക്ക് എസ് ആർ ജി യോഗം നടത്തപ്പെടുന്നു. കൺവീനർ മുൻകൂട്ടി നോട്ടീസ് നൽകുന്നു. ക്ലാസ് മുറിയിൽ നേരിടുന്ന പഠന പ്രശ്നങ്ങൾ, പിന്നോക്കം നിൽക്കുന്ന കുട്ടികൾ ,പഠനപ്രവർത്തനങ്ങൾ, ഐസിടിയുടെ ആവശ്യകത, തുടങ്ങിയ എല്ലാ മേഖലകളെ കുറിച്ചുള്ള വിശദമായ ചർച്ചയും പരിഹാരമാർഗ്ഗങ്ങളും എസ് ആർ ജിയിൽ ചർച്ച ചെയ്തു കണ്ടെത്തുന്നു.പ്രത്യേക ദിനാചരണങ്ങൾ, മറ്റ് അക്കാദമിക പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചും എസ്ആർ.ജി ചർച്ച ചെയ്യുന്നു. എസ്.ആർജി റിപ്പോർട്ട് തൽസമയം രേഖപ്പെടുത്തി സൂക്ഷിക്കുന്നു എസ്ആർ ജി കൺവീനറായി ശ്രീമതി അനിറ്റ് എലിസബേത്ത് ജോൺസ് പ്രവർത്തിച്ചുവരുന്നു.

## ലൈബ്രറി

സ്കൂളിൽ നല്ല രീതിയിൽ ലൈബ്രറി പ്രവർത്തിച്ചുവരുന്നു കുട്ടികൾക്ക് ആവശ്യമായ പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. എല്ലാ ക്ലാസുകളിലും ലൈബ്രറി പുസ്തകങ്ങൾ കൊടുക്കുന്നു ലൈബ്രറിയിലേക്ക് ആവശ്യമായ പുസ്തകം ശേഖരിക്കുന്നതിനായി **PTA,MPTA** പൂർവവിദ്യാർഥി സംഘടന അധ്യാപക വിദ്യാർത്ഥി പ്രതിനിധികൾ എന്നിവർ അടങ്ങുന്ന സംഘം പ്രദേശത്ത് വീടുകൾ സന്ദർശിക്കുകയും ആവശ്യമായ പുസ്തകങ്ങൾ ശേഖരിക്കുകയും ചെയ്തു.പൊതുസമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തുന്ന രീതിയിൽ ഒരു പൊതു വായനശാലയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു.

## സ്മാർട്ട് ഡിജിറ്റൽ ക്ലാസ് റൂം

പൂർവവിദ്യാർഥി സംഘടന വിദ്യാലയത്തിന് വേണ്ടി ഒരു സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ചു നൽകി. ഓരോ ക്ലാസിലെയും പഠന പ്രവർത്തനങ്ങളും പ്രോജക്ടറുടെ സഹായത്തോടെ അനായാസം കൈകാര്യം ചെയ്യുവാൻ സാധിക്കുന്നു. നൂതന സാങ്കേതികവിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തി പഠനം രസകരമായി വിജ്ഞാനപ്രദമായി ചെയ്യുന്നതിന് അധ്യാപകർക്ക് കഴിയുന്നു.

## പ്രശ്നങ്ങൾ വെല്ലുവിളികൾ

*പാഠഭാഗം തുടങ്ങുന്നതിന് മുൻപ് നടത്തപ്പെട്ട പ്രീടെസ്റ്റിൽ കുട്ടികളിൽ വായനയുടെയും എഴുത്തിന്റെയും പിന്നോക്കാവസ്ഥ കാണപ്പെട്ടു. ഇത് പരിഹരിക്കുക എന്നുള്ളതായിരുന്നു മുഖ്യ ലക്ഷ്യം.

*പൊതുവിദ്യാഭ്യാസ വകുപ്പിന്റെ LSS USS പരീക്ഷകളിൽ നേരിട്ട പരാജയവും വിലയിരുത്തലിന് വിധേയമായി.

*കലാകായിക പ്രവർത്തി പരിചയ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി കൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാനും തീരുമാനിച്ചു

*കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നതാണ് നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാന വെല്ലുവിളി അൺ എയ്ഡഡ് സ്കൂളുകൾ വർധിച്ചുവരുന്നതും കുട്ടികളുടെ എണ്ണം കുറയാൻ കാരണമാകുന്നു.

*ആകർഷകമായ ക്ലാസ് മുറികൾ കുട്ടികളെ പൊതുവിദ്യാലയത്തിലേക്ക് ആകർഷിക്കും. എന്നാൽ നിലവിൽ പല എയ്ഡഡ് സ്കൂളുകളും ഭൗതിക സാഹചര്യങ്ങളുടെ മികവിൽ പിന്നോക്കാവസ്ഥയിലാണ്. ഇതിന് പരിഹാരം ഉണ്ടായാൽ വിദ്യാർഥികളുടെ എണ്ണം ഏറെക്കുറെ കൂട്ടുവാൻ സാധിക്കും.

*വിദ്യാർഥികളുടെ കുടുംബ പശ്ചാത്തലവും ചുറ്റുപാടുകളും അക്കാദമിക മികവിനെ സാരമായി ബാധിക്കുന്നു.

*കുട്ടികൾക്ക് ആവശ്യമായ പഠനസാമഗ്രികളുടെയും പഠന വിഭാഗങ്ങളുടെയും ലഭ്യത കുറവും മറ്റൊരു പ്രശ്നമാണ്.

*സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി എല്ലാ ക്ലാസ് മുറികളും ഡിജിറ്റൽ ക്ലാസ് മുറികൾ ആയി മാറണം. ഇങ്ങനെ ഒരു മാറ്റം പൊതുവിദ്യാലയത്തിൽ ഉണ്ടായാൽ അവ മികവിന്റെ കേന്ദ്രമാകും എന്നതിൽ തർക്കമില്ല.

മേൽ വിവരിച്ച പ്രശ്നങ്ങൾ പരിഹരിച്ച് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടുകൂടി പി ടി എ,എം പി ടി എ, പൂർവവിദ്യാർഥി സംഘടന അക്കാദമിക് കൗൺസിൽ എന്നിവയുടെ നേതൃത്വത്തിൽ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയുണ്ടായി.പ്രവർത്തന കലണ്ടറിന്റെ സഹായത്തോടെ പ്രവർത്തനങ്ങൾ യഥാസമയം നടപ്പിലാക്കി വിദ്യാലയ പ്രവർത്തനങ്ങൾ മികവുറ്റതാക്കുവാൻ തീരുമാനിച്ചു. അക്കാദമിക പ്ലാൻ രൂപീകരണത്തിന്റെ ഭാഗമായി കുട്ടികൾ നേരിടുന്ന പഠന പ്രശ്നങ്ങൾ, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ട ആവശ്യകത, നിലവിലെ പഠന രീതികൾ എന്നിവയെക്കുറിച്ച് രക്ഷകർത്താക്കൾക്ക് ബോധവൽക്കരണ ക്ലാസ് നടത്തുകയുണ്ടായി. രക്ഷകർത്താക്കളുടെ അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തി അക്കാദമിക് മാസ്റ്റർ പ്ലാൻ മെച്ചപ്പെടുത്തി.

# അക്കാദമിക മാസ്റ്റർ പ്ലാൻ - ഭാഷാ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക<br><br>അക്ഷരം ഉറപ്പിക്കൽ | **അക്ഷര ചങ്ങാതി**<br><br>അക്ഷരങ്ങളും ചില്ലക്ഷരങ്ങളും കൂട്ടക്ഷരങ്ങളും ക്രമം തെറ്റിച്ച് എഴുതിയ ചാർട്ട് കുട്ടികൾക്ക് നൽകുന്നു പൂർണമായും വായിക്കാനും എഴുതാനും അറിയാവുന്ന അക്ഷരങ്ങൾ ചാർട്ടിൽ നിന്നും കണ്ടെത്തി എഴുതുന്നു അധ്യാപിക കുട്ടികളെ കൊണ്ട് വായിപ്പിച്ച് ഉറപ്പുവരുത്തുന്നു<br><br>**അക്ഷരക്കൂട**<br>മനോഹരമായി തയ്യാറാക്കിയ അക്ഷര കാർഡുകൾ അക്ഷരക്കൂടയിൽ നിക്ഷേപിക്കുന്നു കുട്ടികൾ മൈതാനത്ത് വൃത്താകൃതിയിൽ നിൽക്കുന്നു അക്ഷരക്കൂടയിൽ നിന്നും ഇഷ്ടമുള്ള ഒരു കാർഡ് എടുക്കുന്നു വായിക്കുന്നു കൂട്ടുകാരെ കണ്ടെത്തി പുതിയ പദങ്ങൾ നിർമ്മിക്കുന്നു വിവിധ കാർഡുകൾ ഉപയോഗിച്ച് പ്രവർത്തനം തുടരുന്നു<br><br>**അക്ഷരമധുരം**<br><br>കുട്ടികളെ ചെറിയ ഗ്രൂപ്പുകൾ ആക്കുന്നു ക്ലാസ് മുറിയിൽ വിവിധ സ്ഥലങ്ങളിലായി ചാർട്ടിൽ ഏതെങ്കിലും ഒരു അക്ഷരം എഴുതി ഒട്ടിച്ചു വയ്ക്കുന്നു യോജിച്ച അക്ഷര കാർഡുകൾ എടുത്ത് നിശ്ചിത സ്ഥലത്ത് ഒട്ടിച്ച് വാക്കുകൾ ഉണ്ടാക്കുന്നു നിർമിച്ച വാക്കുകൾ എഴുതുന്നു നിശ്ചിത സമയത്തിനുള്ളിൽ കൂടുതൽ വാക്കുകൾ എഴുതിയ ഗ്രൂപ്പ് വിജയിക്കുന്നു | ജൂൺ | **S R G**<br>**CLASS TEACHERS** | **P T A**<br>**MPTA** |

| | | | | | |
|---|---|---|---|---|---|
| | അക്ഷരം ഉറപ്പിക്കൽ | ഓർമ്മ പരിശോധന<br><br>അക്ഷരച്ചാർട്ടിൽ നിന്നും നിർമ്മിക്കാവുന്ന പദങ്ങളുടെ ചിത്രങ്ങൾ ഐസിടി സാധ്യത പ്രയോജനപ്പെടുത്തി പ്രദർശിപ്പിക്കുന്നു. ചിത്രം നിരീക്ഷിക്കാൻ സമയം നൽകുന്നു തുടർന്ന് കണ്ട ചിത്രങ്ങളുടെ പേരുകൾ ഓർമ്മയിൽ നിന്നും എഴുതുന്നു കൂടുതൽ വാക്കുകൾ ഓർമിച്ച് എഴുതിയ കുട്ടികളെ അഭിനന്ദിക്കുന്നു | | | |
| 2. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക<br><br>ചിഹ്നം ഉറപ്പിക്കൽ | ചങ്ങാതി ചിഹ്നങ്ങൾ<br><br>ഒരു ദിവസം രണ്ട് ചിഹ്നങ്ങൾ വീതം പരിചയപ്പെടുത്തുന്ന പ്രവർത്തനമാണിത്അധ്യാപിക ചിഹ്നത്തിന്റെ ലിപിരൂപം പരിചയപ്പെടുത്തുന്നു. ചിഹ്ന കീശയുടെ സഹായത്തോടുകൂടി ചിഹ്നം ഉറപ്പിക്കുന്നു ചാർട്ട് പേപ്പറിൽ ഇഷ്ടമുള്ള ഒരു അക്ഷരം വലിപ്പത്തിൽ എഴുതുന്നു അതിന്റെ കൂടെ പഠിച്ച ചിഹ്നം ചേർത്ത് എഴുതി വായിക്കുന്നു<br><br>മണലെഴുത്ത്<br><br>ഇഷ്ടമുള്ള അക്ഷരത്തിന് കുട്ടികൾ പഠിച്ച ചിഹ്നം ചേർത്ത് മണലിൽ എഴുതുന്നു. എല്ലാ ചിഹ്നങ്ങളും ഉപയോഗിച്ച് പ്രവർത്തനം തുടരുന്നു | ജൂലൈ ആഗസ്റ്റ് | CLASS TEACHERS | MPTA |

| | | | | | |
|---|---|---|---|---|---|
| 3. | എല്ലാ കുട്ടികളെയും വായനാശീലം ഉള്ളവരാക്കി മാറ്റുക. | വായനാമൃതം<br><br>വിദ്യാലയത്തിൽ പ്രത്യേകം തയ്യാറാക്കിയ വായന കാർഡുകൾ കുട്ടികൾക്ക് നൽകുന്നു. വായിക്കുന്നതിന് അവസരം നൽകുന്നു.<br><br>പത്രം എൻ ചങ്ങാതി<br><br>*കുട്ടികളെ ചെറിയ ഗ്രൂപ്പുകൾ ആക്കുന്നു .പഴയ പത്രങ്ങൾ ഓരോ ഗ്രൂപ്പിനും നൽകുന്നു. ഓരോ ഗ്രൂപ്പുകാരും അവർക്ക് ഇഷ്ടപ്പെട്ട പത്രവാർത്തയുടെ തലക്കെട്ടുകൾ വെട്ടിയെടുത്ത് ചാർട്ടിൽ ഒട്ടിക്കുന്നു വായിച്ച് അവതരിപ്പിക്കുന്നു.<br><br>*പത്രവാർത്ത എഴുതി തയ്യാറാക്കൽ ,അവതരിപ്പിക്കൽ .<br><br>*ലൈബ്രറി പുസ്തകം വായിച്ച് സ്വന്തം ഭാഷയിൽ അവയെപ്പറ്റി പറയുന്നു. കുറിപ്പ് തയ്യാറാക്കുന്നു.<br><br>*പത്രത്തെ അടിസ്ഥാനമാക്കിയുള്ള ക്വിസ് മത്സരം തുടങ്ങിയ പ്രവർത്തനങ്ങൾ ഇതോടൊപ്പം നൽകുന്നു.<br><br>*ക്ലാസ് തലത്തിൽ കുട്ടിപ്പത്രം തയ്യാറാക്കുന്നു.<br><br>*പത്രവാർത്തകൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു.<br><br>*വ്യക്തിഗതമായും സംഘമായും വായന കാർഡുകൾ തയ്യാറാക്കൽ.<br><br>*വായനക്കുറിപ്പുകൾ ചേർത്ത് പതിപ്പ് തയ്യാറാക്കൽ. | സെപ്റ്റംബർ<br>ഒക്ടോബർ | CLASS TEACHERS | OSA<br>PTA |

| | | | | | |
|---|---|---|---|---|---|
| | | *ക്ലാസ് മുറികളിൽ പത്രങ്ങൾ ക്ലിപ്പ് ചെയ്തിട്ട് കുട്ടികളെ കൊണ്ട് വായിപ്പിക്കൽ.<br><br>*കുട്ടികളുടെ വായന കുറിപ്പുകൾ പ്രസിദ്ധീകരിക്കുന്നതിനായി പ്രത്യേക ബ്ലോഗ്.<br><br>*അധ്യാപകരുടെ പുസ്തക പരിചയം ക്ലാസ് മുറിയിലും അസംബ്ലിയിലും .<br><br>*വായനയിൽപിന്നോക്കംനിൽക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി കൂട്ട വായന .<br><br>*സമീപത്തെ വായനശാലയിൽ അംഗത്വം ഉറപ്പാക്കൽ | | | **PTA**<br>**OSA**<br>**MPTA** |
| 4. | കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക. | സഞ്ചരിക്കുന്ന ഡയറി<br><br>ഓരോ ദിവസവും ഓരോ ദിവസത്തെയും അനുഭവങ്ങൾ ക്ലാസിൽ പ്രത്യേകം തയ്യാറാക്കിയ ഡയറിയിൽ എഴുതൽ .രാവിലെ എഴുന്നേൽക്കുന്നത് മുതൽ രാത്രി ഉറങ്ങുന്നത് വരെയുള്ള കാര്യങ്ങൾ ഡയറിയിൽ എഴുതുന്നതിന് ഓരോ കുട്ടിക്കും അവസരം നൽകുന്നു കുട്ടികളുടെ വീടുകളിൽ എത്തുന്ന ഡയറി പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും രക്ഷിതാക്കൾക്ക് സാധിക്കുന്നു | നവംബർ<br>ഡിസംബർ | **CLASS TEACHERS** | **M P T A** |

| | | | | | |
|---|---|---|---|---|---|
| | കുട്ടിയിൽ അന്തർലീനമായിരിക്കുന്ന സർഗാത്മക കഴിവുകളെ പരിപോഷിപ്പിക്കുക | രാഗമാലിക<br><br>അധ്യാപിക ഒരു ചിത്രം പ്രദർശിപ്പിക്കുന്നു. ചിത്രം നിരീക്ഷിച്ച് കുട്ടികൾ കണ്ടെത്തിയ കാര്യങ്ങൾ പറയുന്നു. അധ്യാപിക ബോർഡിൽ രേഖപ്പെടുത്തുന്നു. അതിന് അനുയോജ്യമായ രണ്ടുവരി കുട്ടിക്കവിത അധ്യാപിക എഴുതുന്നു . കൂടുതൽ വരികൾ കുട്ടികൾ കൂട്ടിച്ചേർക്കുന്നു. അനുയോജ്യമായ ഈണം കണ്ടെത്തി അവതരിപ്പിക്കുന്നു .വ്യത്യസ്ത ചിത്രങ്ങൾ നൽകി പ്രവർത്തനം തുടരുന്നു<br><br>സർഗ്ഗ വസന്തം<br><br>മനോഹരമായ ദൃശ്യങ്ങൾ ഉൾക്കൊള്ളുന്ന ചാർട്ട് ക്ലാസിൽ പ്രദർശിപ്പിക്കുന്നു. ചിത്രത്തിൽ കാണുന്ന കാര്യങ്ങൾ കുട്ടികൾ പട്ടികപ്പെടുത്തുന്നു. ചിത്രത്തെ വിവിധ വ്യവഹാര രൂപങ്ങളിലേക്ക് സ്വന്തം ഇഷ്ടത്തിനനുസരിച്ച് മാറ്റി സ്വതന്ത്രമായി എഴുതുന്നു.<br><br>കഥ ചെപ്പ്<br><br>ഒരു കഥയുടെ നിശ്ചിതഭാഗം അധ്യാപിക ഭാവാഭിനയത്തോടെ അവതരിപ്പിക്കുന്നു .കഥയുടെ ബാക്കിഭാഗം കുട്ടികൾ സ്വന്തം ഭാവനക്കനുസരിച്ച് പൂർത്തിയാക്കി എഴുതി അവതരിപ്പിക്കുന്നു.<br><br>കഥാ പതിപ്പ് തയ്യാറാക്കുന്നു. | നവംബർ<br><br>ഡിസംബർ | **CLASS TEACHERS** | **TEACHERS** |